# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3422 19.10.16 -ൽ മറുപടിക്ക്

## ജലസേചന വകുപ്പ് കെഎസ്ഇബി ക്ക് വിട്ടു കൊടുക്കുന്ന സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കത്ത് കെ.എസ്.ഇ.ബി 2013 മുതൽ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും കെ.എസ്.ഇ.ബി യ്ക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് തണ്ണീർ മുക്കം വികസന സമിതി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരിക്കുന്ന 25.8.2016-ലെ പെറ്റീഷനിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം വില്ലേജിൽ കെ.എസ്.ഇ.ബി ഓഫീസ് പ്രവർത്തിക്കുന്ന ജലസേചനവകുപ്പിന്റെ ക്വാർട്ടേഴ്സും സ്ഥലവും വിട്ടുനൽകുന്ന വിഷയത്തിൽ സർക്കാരിൽ ലഭിച്ച അപേക്ഷയിൽ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് തേടിയിരിക്കുകയാണ്. തണ്ണീർ മുക്കം വികസന സമിതി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരിക്കുന്ന നിവേദനം 05/09/2016ൽ കോട്ടയം കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക്റിപ്പോർട്ടിനായി അയച്ചിട്ടുണ്ട്. |
| (ബി) കെ.എസ്.ഇ.ബി പ്രസ്തുത കെട്ടിടവും ഓഫീസും പുതുക്കി പണിയുവാൻ തയ്യാറായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലം ജലസേചന വകുപ്പ് കെ.എസ്.ഇ.ബി ക്ക് വിട്ടു കൊടുക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) ചീഫ് എഞ്ചിനീയർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ജലസേചനവകുപ്പിന്റെ പ്രസ്തുത പ്രദേശത്തെ ഭൂമിയിൽ നിന്നും മറ്റ് വകുപ്പുകൾക്ക് ഭൂമി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും എത്ര സെന്റ് വീതം നൽകി എന്നും വ്യക്തമാക്കാമോ; ഇതേ വ്യവസ്ഥ കെ.എസ്.ഇ.ബി ക്കും പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) കുട്ടനാട് ഡെവലപ്മെന്റ് സർക്കിളിന്റെ കാര്യാലയം നിലവിൽ വരുന്നതിന് മുമ്പ് പ്രസ്തുത ഭൂമിയിൽനിന്നും 1.268 ഹെക്ടർ വസ്തു കെ.ടി.ഡി.സിക്കും, 22.1 ആർ വസ്തു ആരോഗ്യവകുപ്പിനും കൈമാറ്റം ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ